കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പടന്ന ഗ്രാമപഞ്ചായത്ത്

# 2015-2016 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്

സംസ്ഥാന ഓഡിറ്റ് വകുപ്പ്, കാസറഗോഡ് ജില്ലാ

ഓഡിറ്റ് കാര്യാലയം

e-mail:doksd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ/കെ.എസ്.ഡി 9/1271/2016 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

കാസറഗോഡ് ജില്ല

തീയതി.23.12.2016

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, കാസറഗോഡ്

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പടന്ന ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പടന്ന ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പടന്ന ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

സംസ്ഥാന ഓഡിറ്റ് വകുപ്പ്

പകർപ്പ് :1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഇ മെയിൽ മുഖേന)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/കെ.എസ്.ഡി-9/1271/2016
തിയ്യതി: 23.12.2016

## കാസറഗോഡ് ജില്ലയിലെ പടന്ന ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസറഗോഡ് ജില്ലയിലെ പടന്ന ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-07-2016 മുതൽ 14-11-2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്ന് നടത്തിയ പണം പിൻവലിക്കലുകൾ, അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ച് കിട്ടിയ പദ്ധതി വിഹിതം, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റ് എജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ തുകകൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 6 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിനുചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. രാജാരാമ.സി, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിനു വിനിയോഗിച്ച സമയം | 17.11.2016 മുതൽ 24.11.2016 വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | പേര് | ഉദ്യോഗപ്പേര് |
| | സത്യാനന്ദൻ .സി.വി | ഓഡിറ്റ് ഓഫീസർ |
| | തോമസ്.കെ | അസി. ഓഡിറ്റ് ഓഫീസർ |
| | സുനിൽ കുമാർ. എം | സീനി. ഗ്രേഡ് ഓഡിറ്റർ |
| | സുധീഷ്.എൻ.കെ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.സി.കുഞ്ഞികൃഷ്ണൻ | 01.04.2015മുതൽ31.10.2015വരെ |
| | ശ്രീമതി.ഫൗസിയ.പി.സി | 19.11.2015മുതൽ31.03.2016വരെ |
| സെക്രട്ടറി | ശ്രീ. ശ്രീധരൻ.കെ.വി | 01.04.2015മുതൽ17.05.2015വരെ |
| | അഷറഫ് .എൻ.ബി (അസി.സെക്രട്ടറി) | 18.05.2015മുതൽ 3.01.2016വരെ |
| | അനിൽ കുമാർ.എൻ.എം | 4.01.2016മുതൽ 31.03.2016വരെ |

(സി) നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.സെക്രട്ടറി | അഷറഫ്.എൻ.ബി | 01.04.2015മുതൽ 31.03.2016 വരെ |
| അസി.എഞ്ചിനിയർ | കവിത.എം | 01.04.2015മുതൽ 31.03.2016 വരെ |
| കൃഷി ഓഫീസർ | രേഷ്മ.കെ.പി | 01.04.2015മുതൽ 31.03.2016വരെ |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | പാത്തുമ്മ.എ | 01.04.2015മുതൽ 22.12.2015വരെ |
| | സ്വപ്ന.കെ.പി | 23.12.2015മുതൽ 31.03.2016വരെ |
| വി.ഇ.ഒ | ജിജേഷ് ശശീന്ദ്രൻ | 01.04.2015മുതൽ 31.03.2016വരെ |
| ഹെഡ്മാസ്റ്റർ | ടി.വി.രാജൻ | 01.04.2015മുതൽ 31.03.2016വരെ |
| വെറ്റിനറി സർജ്ജൻ | ഡോ.സാബു.എം.യു | 01.04.2015മുതൽ 31.03.2016വരെ |
| മെഡിക്കൽ ഓഫീസർ, ആയ്യൂർവേദം | ഡോ.പ്രിയ.കെ | 01.04.2015മുതൽ 31.03.2016വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ, അലോപ്പതി | ഡോ.വിക്രം.വി.വി | 01.04.2015മുതൽ 31.03.2016വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധന | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | വാർഷിക ധനകാര്യ പത്രിക പരിശോധന-പരിഹരിക്കുവാനവശേഷിക്കുന്ന അപാകതകൾ | 2-1 |
| 13 | നിർമ്മാണാനുമതി നൽകിയ കെട്ടിടങ്ങളുടെ പൂർത്തീകരണ വിവരങ്ങൾ അവ്യക്തം | 2-2 |
| 14 | വസ്തു നികുതി നിർണ്ണയത്തിൽ അപാകത | 2-3 |
| 15 | തൊഴിൽ നികുതി അപാകതകൾ | 2-4 |
| 16 | സാംഖ്യ രശീതികൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല | 2-5 |
| 17 | മാർക്കറ്റ് കോംപ്ലക്സ് കാലപ്പഴക്കത്താൽ ഉപയോഗശൂന്യം | 2-6 |
| 18 | പഞ്ചായത്ത് പരിധിയിലെ പുറമ്പോക്ക് ഭൂമി സംബന്ധിച്ച വിവരം ലഭ്യമല്ല | 2-7 |
| | ഭാഗം 3 | |
| 19 | വെള്ളക്കരം കുടിശ്ശിക ഭീമമായ തുക ഫൈൻ ഇനത്തിൽ ഒടുക്കുന്നു ഗ്രാമ പഞ്ചായത്തിന് നഷ്ടം | 3-1 |
| 20 | മറ്റ് സ്ഥാപനങ്ങളിൽനിന്നും ലഭിച്ച് വിനിയോഗിക്കുവാൻ അവശേഷിക്കുന്ന തുക തിരികെ നൽകാതെ തനതുഫണ്ടിൽ സൂക്ഷിക്കുന്നു. | 3-2 |

| | | |
|---|---|---|
| 21 | മുൻകൂർ യാത്രാബത്ത -കൈപ്പറ്റിയത് നാളിതുവരെ ക്രമീകരിച്ചിട്ടില്ല | 3-3 |
| 22 | ആധാർ കാർഡ് എടുത്ത ബി.പി.എൽ കുടുംബങ്ങൾക്കുള്ള പ്രതിഫലം- ചെലവഴിക്കാന വശേഷിക്കുന്നത് 1800 രൂപ | 3-4 |
| 23 | തെരുവ് വിളക്ക് ലൈൻ വിപുലീകരണം കെ.എസ്.ഇ.ബിക്ക് തുക കൈമാറിയത്- വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല | 3-5 |
| 24 | പൊതുമരാമത്ത് മേഖലയിലെ ആസൂത്രണം, നിർവ്വഹണം എന്നിവയിലെ പൊതു കാര്യക്ഷമത | 3-6 |
| 25 | പി.എച്ച്.സി.ക്ക് മരുന്ന് വാങ്ങൽ -മുഴുവൻ മരുന്നുകളും ലഭിച്ചിട്ടില്ല. | 3-7 |
| 26 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അവലോകനം | 3-8 |
| 27 | വ്യക്തിഗത കക്കൂസ് നിർമ്മാണം-ധനസഹായം നൽകിയതിൽ അപാകതകൾ | 3-9 |
| 28 | ജവഹർലാൽ നെഹ്റു ഭവന പദ്ധതി -പ്രൊജക്ടിനു വിരുദ്ധമായി വികസനഫണ്ടിൽ നിന്നും അധികച്ചെലവ് | 3-10 |
| | ഭാഗം 4 | |
| 29 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 30 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 31 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 32 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 33 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 34 | ഓഡിറ്റ് റിക്കവറി | 4-6 |
| 35 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-7 |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 37 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |

അനുബന്ധപത്രികകൾ

1)ഓഡിറ്റ് സർട്ടിഫിക്കറ്റ്

2)ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,

3)റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,

4)ബാലൻസ് ഷീറ്റ്.

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 23-03-2015 ലെ ഭരണസമിതി തീരുമാനം നമ്പർ 182/15 പ്രകാരം അംഗീകരിക്കുകയുണ്ടായി . ബജറ്റ് വിശദാംശം ചുവടെ ചേർക്കുന്നു

| | |
|---|---|
| മുന്നിരിപ്പ് | 40,96,687 |
| വരവ് | 8,65,45,967 |
| ആകെ | 9,06,42,654 |
| ചെലവ് | 8,63,35,000 |
| നീക്കിയിരിപ്പ് | 43,07,654 |

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിന് ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31-07-2016 | 31-07-2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 18-11-2016 | ഓഡിറ്റ് സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിന്റെ അനുബന്ധം. 1. ആയി ഉൾപ്പെടുത്തിയിട്ടുണ്ട് |

വാർഷിക ധനകാര്യപത്രിക പരിശോധനവേളയിൽ സൂചിപ്പിച്ച ന്യൂനതകളിൽ പരിഹരിക്കുവാൻ അവശേഷിക്കുന്നവയുടെ വിശദാംശം ഈ റിപ്പോർട്ടിലെ ഖണ്ഡിക 2-(1)ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| വർഷം | 2015-2016 |
| മുന്നിരിപ്പ് | 1,71,91,395 |
| വരവ് | 3,55,72,469 |
| ആകെ | 5,27,63,864 |

| | |
|---|---|
| ചെലവ് | 3,96,79,769 |
| നീക്കിയിരിപ്പ് | 1,30,84,095 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 2,03,047 | 23,63,440 | + 49,54,153 | 75,20,640 | 75,20,640 | - |
| വികസനഫണ്ട് എസ്.സി.പി. | 9,59,941 | 14,91,168 | (-) 6,13,078 | 18,38,031 | 18,38,031 | - |
| വികസനഫണ്ട് ടി.എസ്.പി. | 1,32,000 | - | (-)1,32,000 | - | - | - |
| സംരക്ഷണഗ്രാന്റ് റോഡ് | 58,824 | 43,66,457 | - | 44,25,281 | 44,25,281 | - |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 61,949 | 20,98,598 | - | 21,60,547 | 21,60,547 | - |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 18,70,573 | 57,33,611 | (-)30,43,365 | 45,60,819 | 45,60,819 | - |
| പെർഫോമൻസ് ഗ്രാന്റ് (KLGSDP) | 21,95,193 | 11,00,560 | (-)11,65,710 | 21,30,043 | 21,30,043 | - |
| ബി.ഫണ്ട് | | 2,15,14,309 | 2,15,14,309 | 2,15,14,309 | | - |
| തൊഴിലുറപ്പ് പദ്ധതി | 44,074 | 2,67,52,548 | 2,67,96,622 | 2,67,96,134 | 488 | |

(* കുറിപ്പ്. 2015-16 സാമ്പത്തിക വർഷം മേൽ പരാമർശിച്ച ട്രഷറി അക്കൗണ്ടുകൾ കൺസോളിഡേറ്റഡ് ഫണ്ട് സമ്പ്രദായത്തിലേക്ക് മാറുകയും വാർഷിക കണക്കിൽ ഇതനുസരിച്ചുള്ള ക്രമീകരണങ്ങൾ

വരുത്തിയിട്ടുള്ളതുമാണ്. (G.O.(P) No.419/2015/Fin Dt.19-9-2015). ഇതു പ്രകാരം ഈ സമ്പ്രദായത്തിലേയ്ക്ക് മാറിയതിനുശേഷമുള്ള പ്രസ്തുത അക്കൗണ്ടുകളിലെ ചെലവ് തുക തന്നെയാണ് വരവായും (നീക്കിയിരിപ്പില്ലാത്തതിനാൽ) വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ളത് . ഇതു പ്രകാരമുള്ള ഫണ്ട് വിനിയേഗ സ്റ്റേറ്റ്മെന്റാണ് മുകളിൽ ചേർത്തിട്ടുള്ളത് .)

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | നടപ്പാക്കിയത് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 133 | 108 | 3 | 25 | 97 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2015-16 വർഷ ത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2015-16 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 17 | 30,60,864 | 9 | 15,07,151 | 49 |
| 2 | അസിസ്റ്റന്റ്സെക്രട്ടറി | 6 | 12,72,245 | 5 | 6,84,900 | 53.83 |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 78 | 1,45,84,567 | 69 | 1,27,64,958 | 87.52 |
| 4 | കൃഷി ഓഫീസർ. | 8 | 26,55,350 | 7 | 22,02,618 | 83 |
| 5 | വില്ലേജ് എക്സ്റ്റ ൻഷൻ ഓഫീസർ. | 6 | 51,81,900 | 5 | 26,23,843 | 50.63 |
| 6 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ. | 3 | 22,60,300 | 3 | 20,80,101 | 92 |
| 7 | വെറ്റിനറി സർജ്ജൻ | 3 | 28,87,731 | 3 | 24,53,769 | 85 |
| 8 | മെഡിക്കൽ ഓഫീസർ -പി.എച്ച്.സി. | 2 | 7,50,000 | 2 | 6,50,000 | 86 |

| | | | | | | |
|---|---|---|---|---|---|---|
| 9 | മെഡിക്കൽ ഓഫീസർ - ആയുർവ്വേദം. | 2 | 4,50,000 | 2 | 4,50,000 | 100 |
| 10 | മെഡിക്കൽ ഓഫീസർ - ഹോമിയോ. | - | - | - | - | - |
| 11 | പ്രധാനാധ്യാപകൻ. | 8 | 15,18,800 | 3 | 9,18,365 | 60.46 |
| | അകെ | 133 | 3,46,21,757 | 108 | 2,63,35,705 | 76.06 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 33.08% ശതമാനം കുറവാണ് ഉണ്ടായിട്ടുള്ളത്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 42,32,523 | 25,99,865 | (-)16,32,658 | (-) 38.57 |
| നികുതിയേതര വരവുകൾ | 9,60,327 | 8,75,060 | (-) 85,267 | (-) 8.87 |
| മറ്റു വരവുകൾ | - | - | - | - |
| ആകെ | 51,92,850 | 34,74,925 | (-) 17,17,925 | (-) 33.08 |

ഓഡിറ്റ് വർഷം വസ്തു നികുതിയിനത്തിലുള്ള വരവിൽ ഗണ്യമായ കുറവ് സംഭവിച്ചിട്ടുണ്ട്. തനത് നികുതി -നികുതിയേതര വരവുകൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമപദ്ധതികൾക്കായി വിനിയോഗിക്കപ്പെട്ട തുകകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 4,33,440 | 226 |
| കർഷക തൊഴിലാളി പെൻഷൻ | 37,22,220 | 550 |
| വിധവാ പെൻഷൻ | 89,73,880 | 1060 |
| വാർദ്ധക്യ കാല പെൻഷൻ | 52,85,430 | 1014 |

| | | |
|---|---|---|
| വികലാംഗ പെൻഷൻ | 24,17,035 | 304 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 1,10,960 | 12 |
| വിധവകളുടെ പെൺ മക്കൾക്കുള്ള വിവാഹ ധനസഹായം | 5,10,000 | 17 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17-11-2016 ന് (3.30 pm) സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11,788 രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

1) 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം അനുസരിച്ച് ഗ്രാമപഞ്ചായത്ത് ഓഫീസ്സിലെ മുഴുവൻ റഗുലർ ജീവനക്കാരും, സർക്കാർ ജീവനക്കാർ എന്ന നിലയിൽ സർക്കാർ പുറപ്പെടുവിക്കുന്ന നിയമ നിർദ്ദേശങ്ങൾക്ക് അനുസരിച്ച് പ്രവർത്തിക്കുന്നതോടൊപ്പംതന്നെ തെരെഞ്ഞെടുക്കപ്പെട്ട പ്രാദേശിക സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ജീവനക്കാർ എന്ന നിലയിൽ ഗ്രാമ പഞ്ചായത്ത് ഏല്പിക്കുന്ന നിയമാനുസൃത ഉത്തരവുകൾ നിർവ്വഹിക്കേണ്ടതുമാണ്. ജീവനക്കാരുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും വിശദീകരിച്ചുകൊണ്ടുള്ള ഓഫീസ് ഉത്തരവുകൾ പുറപ്പെടുവിച്ച് ഓഫീസ് ഉത്തരവ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് പ്രകാരമുള്ള ജോലി വിഭജനം നടപ്പിലാക്കിയിട്ടുണ്ട്.

2).മാനുവൽ ഓഫ് ഓഫീസ് പ്രൊസീജിയർ ഖണ്ഡിക 21 പ്രകാരം ഓരോ സെക്ഷനുകളിലും പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കേണ്ടതും ഓരോ രജിസ്റ്ററിലെയും ആദ്യ കടലാസിൽ(fly leaf)സെക്ഷൻ സൂപ്രണ്ടിന്റെയും രജിസ്റ്റർ സൂക്ഷിയ്ക്കുന്ന ക്ലർക്കിന്റെയും പേര് എഴുതി ചേർത്തിരിയ്ക്കേണ്ടതുമാണ്.ഖണ്ഡിക 150 പ്രകാരം സൂപ്രണ്ടുമാർ പേഴ്സണൽ രജിസ്റ്റർ പരിശോധിക്കേണ്ടതിന്റെ ഒരു ഷെഡ്യൂൾ ഓഫീസ് മേധാവി തയ്യാറാക്കുകയും അതനുസരിച്ച് പേഴ്സണൽ രജിസ്റ്ററുകൾ പരിശോധിക്കേണ്ടതുമാണ്. ഓരോ പേഴ്സണൽ രജിസ്റ്ററിനോടൊപ്പവും ഒരു കലണ്ടർ വർഷം നീളുന്ന ഒരു തുടർ കുറിപ്പ് ഫയൽ (Running note file) സൂക്ഷിക്കേണ്ടതുമാണ്. പടന്ന ഗ്രാമപഞ്ചായത്തിൽ തുടർ കുറിപ്പ് ഫയൽ സൂക്ഷിക്കുകയോ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ പേഴ്സണൽ രജിസ്റ്റർ പരിശോധിക്കുകയോ ചെയ്യുന്നില്ല. പേഴ്സണൽ രജിസ്റ്ററിൽ ഫയലിൻമേൽ എടുത്ത തുടർ നടപടികൾ രേഖപ്പെടുത്തുന്നില്ല.

3) പ്രതിമാസം ജീവനക്കാരുടെ യോഗം നടക്കാറില്ല. 04-02-2014നും 23-09-2016നും ഇടയിൽ സ്റ്റാഫ് മീറ്റിങ് നടന്നിട്ടില്ല.

4) 03-07-2009ലെ 74217/ആർ.സി.3/08/ത.സ്വ.ഭ.വ.നമ്പർ സർക്കുലറിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ഉദ്യോഗസ്ഥരുടെ വിശദാംശങ്ങൾ അടങ്ങിയ ഇൻകുംബൻസി രജിസ്റ്റർ സൂക്ഷിയ്ക്കണമെന്നും സ്ഥലംമാറ്റം സംബന്ധിച്ചുള്ള വിവരം രേഖപ്പെടുത്തണമെന്നും സ്ഥലം മാറുന്ന ഉദ്യോഗസ്ഥൻ നിർവഹണം നടത്തുന്ന പ്രവർത്തികളുടെ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കണമെന്നും

ഫയലുകൾ,രജിസ്റ്ററുകൾ തുടങ്ങിയവ രേഖാ മൂലം കൈമാറണം എന്നും നിർദ്ദേശിച്ചിരുന്നു.എന്നാൽ ഗ്രാമ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള ഇൻകുംബൻസി രജിസ്റ്റർ അപൂർണ്ണമാണ്.പല ജീവനക്കാരുടെയും നിർവഹണ ഉദ്യോഗസ്ഥരുടെയും സ്ഥിരം മേൽവിലാസം,ഓഡിറ്റ് സമയത്ത് ജോലി ചെയ്യുന്ന ഓഫീസ് മേൽവിലാസം എന്നിവ ഇതിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല.

5).ഫ്രണ്ട് ഓഫീസ് സംവിധാനം വളരെ കാര്യക്ഷമമായി നടക്കുന്നുണ്ട്.

6). പശ്ചാത്തല സൗകര്യം അപര്യാപ്തം. ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിന്റെ കെട്ടിട സൗകര്യം വളരെ അപര്യാപ്തമാണ്. ഓഫീസ് കെട്ടിടം പഴയതും ഇടുങ്ങിയതുമാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.11.2016 | 2016 സെപ്തംബർ & ഒക്ടോബർ | 18-11-16 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25-10-2010 to<br>04-11-2010 | 2005-06 to 2009-10 | LBA-HQ-1661/190 dt.03-12-2010 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക ധനകാര്യ പത്രിക പരിശോധന-പരിഹരിക്കുവാനവശേഷിക്കുന്ന അപാകതകൾ

2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രികയും അനുബന്ധ രജിസ്റ്ററുകളും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ താഴെ ചേർക്കുന്നു.

1) 2014-15 വർഷത്തെ വാർഷിക കണക്കിൻമേലുള്ള അപാകതകൾ പരിഹരിച്ചിട്ടില്ല

2) 2015-16 വർഷത്തെ വാർഷിക കണക്കുകൾ പ്രസിഡണ്ട് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3)ഗ്രാമ പഞ്ചായത്തിലെ നിലവിലുള്ള മുഴുവൻ ആസ്തികളും മൂല്യനിർണ്ണയം ചെയ്ത് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. വർഷാന്ത്യത്തിൽ ആസ്തികളുടെ ഭൗതിക പരിശോധന, സ്റ്റോക്കിന്റെ ഭൗതിക പരിശോധന എന്നിവ നടത്തിയില്ല.

4)വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. സഞ്ജയ-സാംഖ്യ ഇന്റഗ്രേഷൻ പൂർത്തിയായിട്ടില്ല. വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, അരിയർ ഡിമാൻഡ് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിലെ കുടിശ്ശിക- തൻവർഷ ഡിമാന്റ്-പിരിവ് തുകകളുടെയും പിരിച്ചെടുക്കാൻ ബാക്കി നിൽക്കുന്ന തുകകളുടെയും കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

5)ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം, തൻവർഷം നടത്തിയ പർച്ചേസുകളുടെ മൂല്യം, ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവ ഉൾപ്പെടുത്തി സെക്രട്ടറി സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കുന്നില്ല. ഓരോ മാസാന്ത്യവും

സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തുന്നില്ല.

6)അസി.എഞ്ചിനീയർ, മറ്റ് നിർവ്വഹണോദ്യോഗസ്ഥർ എന്നിവർ നിർവ്വഹണം ചെയ്ത പദ്ധതികളുടെ വാറ്റ്, ഐ.റ്റി, ക്ഷേമനിധി തുടങ്ങിയവ അടവാക്കിയത് വാർഷിക ധനകാര്യ പത്രികയിൽ പ്രത്യേകമായി അക്കൗണ്ട് ചെയ്തിട്ടില്ല.

7)ഗ്രാമപഞ്ചായത്തിന് പിരിഞ്ഞ് കിട്ടാനുള്ളതും ലഭ്യത സംശയാസ്പദവുമായിട്ടുള തുകക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

8)ഷെഡ്യൂൾ B-4ൽ ബാധ്യത ഇനത്തിൽ ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

9)കുടിശ്ശിക ഡിമാൻറ് രജിസ്റ്റർ തയ്യാറാക്കാത്തതിനാൽ ബാലൻസ് ഷീറ്റിൽ ആസ്തികളിൽ sundry debtors (receivable ) ആയി കാണിച്ച തുകകൾ കുടിശ്ശിക ഡിമാൻറ് രജിസ്റ്റർ പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല

10)സാക്ഷരതാ പ്രേരകുമാർക്ക് ഓണററിയം നൽകുന്നതിനായി തനത് ഫണ്ടിൽ നിന്നും ചെലവിട്ട 1,02,400 രൂപ ഷെഡ്യൂൾ B-18 ൽ ഉൾപ്പെടുത്തിയില്ല.

## 2-2 നിർമ്മാണാനുമതി നൽകിയ കെട്ടിടങ്ങളുടെ പൂർത്തീകരണ വിവരങ്ങൾ അവ്യക്തം

2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 17(1) പ്രകാരം ഒരു കെട്ടിട നിർമ്മാണാനുമതി 3 വർഷത്തേക്ക് സാധുവായിരിക്കുന്നതാണ്. സാധുതാ കാലയളവിനുള്ളിൽ അപേക്ഷ സമർപ്പിക്കുന്നതിന്മേൽ ഓരോ മൂന്ന് വർഷക്കാലാവധിക്ക് രണ്ടു പ്രാവശ്യം കൂടി പെർമിറ്റ് കാലാവധി നീട്ടി നൽകാവുന്നതാണ്. എന്നാൽ ഒമ്പത് വർഷക്കാലയളവിനപ്പുറം പെർമിറ്റ് നീട്ടുകയോ പുതുക്കുകയോ ചെയ്യുവാൻ ചട്ടങ്ങളിലെ X-A അദ്ധ്യായ പ്രകാരം രൂപീകൃതമായ കമ്മിറ്റിയുടെ ശുപാർശ കൂടി ആവശ്യമാണ്.പഞ്ചായത്തിലെ 2009-10 മുതലുള്ള കെട്ടിട അപേക്ഷ രജിസ്റ്റർ പരിശോധിച്ചതിൽ നിർമ്മാണാനുമതിയുടെ 3 വർഷം സാധുതാ കാലയളവ് അവസാനിച്ചതിനു ശേഷവും അനവധി കെട്ടിടങ്ങളുടെ പൂർത്തീകരണ വിവരം രേഖപ്പെടുത്താതെയും നിർമ്മാണാനുമതികൾ നീട്ടി നൽകാതെയും പുതുക്കാതെയും തുടരുന്നതായി കാണുന്നു. ഈ കെട്ടിടങ്ങൾ പൂർത്തീകരിച്ചതായോ, നിർമ്മാണാനുമതിയുടെ സാധുതാ കാലയളവിനുള്ളിൽ അനുമതി നീട്ടി നൽകിയതായോ സാധുതാ കാലവളവ് അവസാനിച്ച ശേഷം അനുമതി പുതുക്കിയതായോ രേഖപ്പെടുത്തിയിട്ടില്ല. സാധുതാ കാലയളവ് അവസാനിച്ച ശേഷവും പുതുക്കാതെയും കാലാവധി നീട്ടി നൽകാതെയും തുടരുന്ന കെട്ടിട നിർമ്മാണ അനുമതികളിന്മേൽ പഞ്ചായത്ത് യാതൊരു നടപടികളും കൈക്കൊണ്ടിട്ടില്ല . 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമാണ ചട്ടങ്ങളിലെ ചട്ടം 4 അനുസരിച്ച് സാധുവായ പെർമിറ്റില്ലാതെ ഭൂവികസനം,കെട്ടിട നിർമാണം തുടങ്ങിയ പ്രവൃത്തികൾ നടത്താവുന്നതല്ല. സമയാസമയം നടപടികൾ കൈക്കൊള്ളുന്നതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും ഉണ്ടായ വീഴ്ച കാരണം കെട്ടിടങ്ങൾ ക്രമവത്കരണം നടത്തേണ്ടുന്ന പക്ഷം ആയിനത്തിലും, FAR നുള്ള അധിക ഫീസ്, അധിക പെർമിറ്റ് ഫീസ് തുടങ്ങിയ ഇനങ്ങളിലും പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാവാനിടയുണ്ട്.

## 2-3 വസ്തു നികുതി നിർണ്ണയത്തിൽ അപാകത.

ഓഡിറ്റ് വർഷത്തെ വസ്തു നികുതിയുമായി ബന്ധപ്പെട്ട രേഖകളുടെ പരിശോധനയിൽ വസ്തു നികുതി നിർണ്ണയത്തിൽ പല അപാകതകളും കാണുകയുണ്ടായി. 14.01.2011-ലെ കേരള സർക്കാരിന്റെ സ.ഉ.(അ) നമ്പർ 20/2011/ത.സ്വ.ഭ.വ എന്ന വിജ്ഞാപന പ്രകാരം നിലവിൽ വന്ന 2011 ലെ പഞ്ചായത്ത് രാജ് (വസ്തു

നികുതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ അനുസരിച്ച് ഗ്രാമ പഞ്ചായത്തിലെ വിവിധതരം ഉപയോഗങ്ങൾക്കുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതി നിർണ്ണയിച്ച് നമ്പർ ബി.4/3046/11 തീയ്യതി 17.09.2011 പ്രകാരം അന്തിമ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയിരുന്നു. ആയതിൻ പ്രകാരം 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പ്, ഗോഡൗൺ എന്നിവയുടെ അടിസ്ഥാന നികുതി നിരക്ക് 1 ചതുരശ്ര മീറ്ററിന് 60 രൂപയാണ്. 100 ചതുരശ്ര മീറ്റർ വരെയുള്ള, മുകളിൽ പ്രതിപാദിച്ച കെട്ടിടങ്ങൾക്ക് 40 രൂപയുമാണ് നിരക്ക്. എന്നാൽ താഴെ വിവരിക്കുന്ന കെട്ടിടത്തിന് അവയുടെ തറവിസ്തീർണ്ണത്തിനനുസരിച്ച് നികുതി നിശ്ചയിക്കാതെ, കുറഞ്ഞ നിരക്കിൽ നികുതി നിശ്ചയിച്ച് വസ്തു നികുതി വരവിൽ കുറവ് വന്നതായി കാണുന്നു. വിശദവിവരം താഴെ കൊടുക്കുന്നു.

ഉടമസ്ഥന്റെ പേര് -- വി.കെ.ഹാരിസ് & വി.കെ.സലീം

കെട്ടിട നമ്പർ -- Ward No V-510 A മുതൽ 510 D വരെ

കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം (m2)-GF-88.68

FF-265.19

Completion dt- 11.2.2016- വാണിജ്യകെട്ടിടം.

| കെട്ടിടത്തിന്റെ നിലകളുടെ വിവരം | കെട്ടിടത്തിന് നിശ്ചയിച്ച നികുതി നിരക്ക് | | | | കെട്ടിടത്തിന് നിശ്ചയിക്കേണ്ടിയിരുന്ന നികുതി നിരക്ക് | | | | കുറവ് വന്ന തുക |
|---|---|---|---|---|---|---|---|---|---|
| | നികുതി | വർദ്ധന | ഇളവ് | ആകെ | നികുതി | വർദ്ധന | ഇളവ് | ആകെ | |
| G.F- 88.68 M2 | 40 X 88.68 = 3547 | 20%= 709 | -- | 4,256+LC | 60 X 88.68 = 5,321 | 20%= 1,064 | -- | 6,385 +LC | 2,129+LC |
| G.F- 265.19 M2 | 40 X 265.19= 10608 | 20%= 2121 | 5%=636 | 12,093+LC | 60X 265.19=15,912 | 20%= 3,182 | 5%= 955 | 18,139+ LC | 6,046+LC |
| ആകെ | | | | | | | | | 8,175+409= 8,584 |

11.02.2016 -മുതലാണ് വസ്തുനികുതി അസ്സസ്സ്മെന്റ് ചെയ്യിട്ടുള്ളത്, ആയത്കൊണ്ട് 2016-17 വർഷം മുതലാണ് നികുതി അടക്കേണ്ടത് . വസ്തു നികുതിയിനത്തിൽ കുറവു വന്ന തുക പുതുക്കി ക്രമീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.3 /22.11.2016)

## 2-4 തൊഴിൽ നികുതി -അപാകത

തൊഴിൽ നികുതി പരിശോധനയിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

I. 2015-16 വർഷത്തേക്ക് ഈടാക്കേണ്ടിയിരുന്ന താഴെ കൊടുത്തിരിക്കുന്ന ജീവനക്കാരുടെ നികുതി

അടവാക്കിയതിൽ കുറവ് വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. (1996 ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3)

| ക്രമ നം. | ജീവനക്കാരന്റെ പേരും തസ്തികയും | സ്ഥാപനം | ആകെ അർദ്ധ വർഷ വരുമാനം | അടവാക്കേണ്ട നികുതി | അടവാക്കിയ നികുതി | കുറവ് | രശീത് നം. |
|---|---|---|---|---|---|---|---|
| 1 | പ്രഭ. കെ ,<br>ഓവർസിയർ | തൊഴിലുറപ്പ് കാര്യാലയം | 78,000<br>(ആദ്യ അർദ്ധ വർഷം) | 750 | 600 | 150 | റ.നം.<br>11501101567<br>തീയ്യതി.<br>08.09.2015 |
| 2 | സീന. എ,<br>ലാബ് അസിസ്റ്റന്റ് | ജി. എച്ച്. എസ്. എസ്,ഉദിനൂർ | 1,29,350<br>(രണ്ടാം അർദ്ധ വർഷം) | 1,250 | 1,000 | 250 | റ.നം.<br>11501103506<br>തീയ്യതി.<br>24.02.2016 |
| 3 | രാജകുമാർ,<br>ലാബ് അസിസ്റ്റന്റ് | -ടി- | 1,26,240<br>(രണ്ടാം അർദ്ധ വർഷം) | 1,250 | 1,000 | 250 | |
| | | | ആകെ | | | 650 | |

കുറവ് വന്ന നികുതി അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

II. പടന്ന സർവ്വീസ് കോ- ഓപ്പറേറ്റീവ് ബാങ്കിന്റെ ഓരിമുക്ക്, തെക്കുപുറം എന്നീ ബ്രാഞ്ചുകളിലെ ജീവനക്കാരുടെ തൊഴിൽ നികുതി പത്രിക പരിശോധനയ്ക്കായി ഹാജരാക്കാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതിനാൽ മേൽ ജീവനക്കാരുടെ നികുതി പടന്ന സർവ്വീസ് കോ- ഓപ്പറേറ്റീവ് ബാങ്കിന്റെ പടന്ന ബ്രാഞ്ചിലെ ജീവനക്കാരോടൊപ്പം അടവാക്കിയിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്(ഓഡിറ്റ് എൻക്വയറി നം.02/22.11.2016). എന്നാൽ പ്രസ്തുത സ്ഥാപനങ്ങളെ തൊഴിൽ നികുതി സ്ഥാപന രജിസ്റ്ററിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. ആയതിനാൽ വരും വർഷങ്ങളിൽ മേൽ സ്ഥാപനങ്ങളെ തൊഴിൽ നികുതി സ്ഥാപന രജിസ്റ്ററിൽ ഉൾപ്പെടുത്തി ജീവനക്കാരുടെ നികുതി അടവിന്റെ കൃത്യത ഉറപ്പ് വരുത്തേണ്ടതാണ്.

## 2-5 സാഖ്യ രശീതി - പരിശോധനയ്ക്ക് ഹാജരാക്കിയില്ല

താഴെ കൊടുത്തിരിക്കുന്ന സാഖ്യ രശീതികൾ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

| രശീതി നം. | മാസം | കുറിപ്പ് |
|---|---|---|
| 11601101997 | 07/2016 | രശീതിയുടെ കൗണ്ടർ ഫോയിലുകൾ ഒന്നും തന്നെ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. |
| 11601101998 | 07/2016 | |
| 11601101999 | 07/2016 | |
| 11601102000 | 07/2016 | |
| 11601102001 | 07/2016 | |
| 98010100166 | 09/2016 | |

| | | |
|---|---|---|
| 98010100167 | 09/2016 | |
| 98010100168 | 09/2016 | |
| 98010100169 | 09/2016 | |
| 98010100170 | 09/2016 | |
| 98010100171 | 09/2016 | |
| 11601102419 | 09/2016 | |
| 11601102420 | 09/2016 | |
| 11601102421 | 09/2016 | |
| 11601102422 | 09/2016 | |
| 11601102423 | 09/2016 | |
| 11601102751 | 09/2016 | |
| 11601102752 | 09/2016 | |
| 11601102753 | 09/2016 | |
| 11601102754 | 09/2016 | |
| 11601102986 | 10/2016 | |
| 11601102987 | 10/2016 | |

ഹാജരാക്കിയ സാംഖ്യ കാൻസൽഡ് രശീതി റിപ്പോർട്ട് പരിശോധിച്ചതിൽ മേൽ രശീതി നമ്പറുകൾ റദ്ദക്കിയിട്ടില്ല എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ മേൽ രശീതികൾ പ്രകാരം പിരിച്ചെടുത്ത നികുതി തുകയുടെ വിവരങ്ങൾ പരിശോധിക്കുന്നതിനായി പ്രസ്തുത രശീതികൾ എത്രയും പെട്ടെന്ന് ഓഡിറ്റ് പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

## 2-6 <u>മാർക്കറ്റ് കോംപ്ലക്സ് - കാലപ്പഴക്കത്താൽ ഉപയോഗ ശൂന്യം</u>

പഞ്ചായത്ത് ഉടമസ്ഥതയിലുള്ള മത്സ്യ മാർക്കറ്റും അതിനോടനുബന്ധിച്ചുള്ള മിക്ക മുറികളും കാലപ്പഴക്കത്താൽ ദ്രവിച്ച് ഉപയോഗ ശൂന്യമായ അവസ്ഥയിലാണെന്ന് സ്ഥല പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട് . ഇതിന് തൊട്ടടുത്തായി ഒരു വർഷം മുമ്പ് പണി കഴിപ്പിച്ച രണ്ട് മുറികളാകട്ടെ വൈദ്യുതീകരണ പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിനാൽ വാടകയ്ക്ക് നൽകാൻ പറ്റാത്ത സ്ഥിതിയിലുമാണ്. പുതുതായി നിർമ്മിച്ച മുറികൾ വൈദ്യുതീകരണ പ്രവൃത്തികൾ പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കുവാനും, പഴയ മുറികൾ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുവാൻ സാധിക്കുമെങ്കിൽ ആയതിനുള്ള നടപടികൾ സ്വീകരിക്കുവാനും ഓഡിറ്റിൽ ശുപാർശ ചെയ്യുന്നു. മേൽ വിഷയത്തിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-7 <u>പഞ്ചായത്ത് പരിധിയിലെ പുറമ്പോക്ക് ഭൂമികൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.</u>

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 218(1) പ്രകാരം, ഈ നിയമം പ്രാബല്യത്തിൽ വരുന്ന സമയത്ത് നിലവിലുള്ളതോ അതിനുശേഷം ഉണ്ടാക്കുകയോ ഏർപ്പെടുത്തുകയോ, പണിയുകയോ ചെയ്തിട്ടുള്ളതോ ആയതോ, അവ പഞ്ചായത്ത് ചെലവിൽ ഉണ്ടാക്കുകയോ പണിയുകയോ ചെയ്തിട്ടുള്ളവ

ആയിരുന്നാലുമല്ലെങ്കിലും, പൊതുജനങ്ങളുടെ ഉപയോഗത്തിന് ഒരു ചിരാനുഭവകാശം നൽകത്തക്ക വിധത്തിൽ പൊതുജനങ്ങൾ ഉപയോഗിച്ച് കൊണ്ടിരുന്നവ ഉൾപ്പെടെ ഉള്ള, എല്ലാ പൊതുജലമാർഗ്ഗങ്ങളും, നദികളുടെ തടങ്ങളും, തീരങ്ങളും, ചെറുപുഴകളും, ജലസേചനത്തിനും, ഡ്രെയിനേജിനുമുള്ള ചാലുകളും, തോടുകളും, തടാകങ്ങളും, കായലുകളും, ജലമാർഗ്ഗങ്ങളും, കെട്ടിനിൽക്കുന്നതും ഒഴുകിപ്പോകുന്നതുമായ എല്ലാ ജലവും, നീരുറവകളും, ജലസംഭരണികളും കുളങ്ങളും, നീർത്തടങ്ങളും, ജലധാരകളും, കിണറുകളും, കാപ്പുകളും, ചാലുകളും, സ്റ്റാന്റ് പൈപ്പുകളും മറ്റു ജലസംഭരണികളും അവയോടു ചേർന്ന് കിടക്കുന്ന സ്വകാര്യ വസ്തുവല്ലാത്ത തൊട്ടടുത്തുള്ള ഏതെങ്കിലും ഭൂമിയും ഗ്രാമപഞ്ചായത്തിലേക്ക് കൈമാറ്റം ചെയ്ത് പരിപൂർണ്ണമായും അതിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

എന്നാൽ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വിവിധ ഭാഗങ്ങളിലായി ഏതൊക്കെ സർവ്വേ നമ്പറുകളിൽ എത്ര അളവിൽ പുറമ്പോക്ക് ഭൂമിയുണ്ടെന്നുള്ള വിവരം, പുറമ്പോക്ക് ഭൂമികളിൽ സ്വകാര്യ വ്യക്തികൾ നടത്തിയ കൈയ്യേറ്റങ്ങൾ, ആയവ കണ്ടെത്തുന്നതിനും ഏറ്റെടുക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടില്ല. 1996 ലെ കേരള പഞ്ചായത്ത് രാജ് (വില്ലേജ് ആഫീസർമാർ നിർവ്വഹിക്കേണ്ട കർത്തവ്യങ്ങൾ) ചട്ടങ്ങലിലെ ചട്ടം.3(1) പ്രകാരം സെക്രട്ടറിക്ക് പ്രസിഡന്റിന്റെ അനുവാദത്തോടു കൂടി ലിഖിതമായ ഒരുത്തരവ് മൂലം ഒരു വില്ലേജിനെ സംബന്ധിച്ചോ അതിന്റെ ഏതെങ്കിലും ഭാഗത്തെ സംബന്ധിച്ചോ, വസ്തുവിനെ സംബന്ധിച്ചോയുള്ള വിവരം നൽകാൻ ബന്ധപ്പെട്ട വില്ലേജ് ഓഫീസറോട് ആവശ്യപ്പെടാവുന്നതും അങ്ങിനെയുള്ള ഏതൊരു ഉത്തരവും വില്ലേജ് ഓഫീസർ പാലിക്കേണ്ടതുമാണ്. ആയതിനാൽ നിയമപരമായി ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാകേണ്ട ഭൂമികൾ ഏതെല്ലാമാണെന്ന് കണ്ടെത്തുവാൻ നടപടികൾ സ്വീകരിച്ച് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്. മേൽ വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 വെള്ളക്കരം കുടിശ്ശിക -ഭീമമായ തുക ഫൈൻ ഇനത്തിൽ ഒടുക്കുന്നു- ഗ്രാമ പഞ്ചായത്തിന് നഷ്ടം

പടന്ന ഗ്രാമ പഞ്ചായത്തിൽ കേരള വാട്ടർ അതോറിറ്റി പരിപാലിച്ച് വന്നിരുന്ന വിവിധ കുടിവെള്ള സ്കീമുകൾ പഞ്ചായത്തിൽ ജലനിധി പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി 2013 ജനവരി മാസം ഗ്രാമ പഞ്ചായത്തിന് കൈമാറിയിരുന്നു. കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനിയർ കാസറഗോഡിന്റെ 24-10-2016ലെ 2/2748/2001/LB-Vol-II നമ്പർ കത്ത് പ്രകാരം 2013 ജനവരി മാസം വരെ വെള്ളക്കരം കുടിശ്ശികയിനത്തിൽ 23,25,284 രൂപ ഒടുക്കുവാനുണ്ടായിരുന്നുവെന്നും, തുടർന്ന് 2013 ജൂൺ മാസം മുതൽ 2016മാർച്ച് മാസം വരെയുള്ള കാലയളവിൽ 15,78,613 രൂപ ഗ്രാമ പഞ്ചായത്ത് ഈയിനത്തിൽ ഒടുക്കിയിട്ടുണ്ടെന്നും, കുടിശ്ശിക തുകയുടെ 2% എല്ലാമാസവും പിഴപ്പലിശയിനത്തിൽ കണക്കാക്കി നിലവിൽ (2016/ഒക്ടോബർ) 22,65,332 രൂപ കുടിശ്ശികയുള്ളതായും സൂചിപ്പിച്ചിട്ടുണ്ട്. കൂടാതെ കേരള വാട്ടർ അതോറിറ്റിയുടെ മേലാഫീസുമായി ബന്ധപ്പെട്ട് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിക്ക് അപേക്ഷിക്കാവുന്നതാണെന്നും മേൽ പരാമർശിത കത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനിയർ സൂചിപ്പിച്ചിട്ടുണ്ട്.

2013 ജനവരി മാസം മുതൽ 2016മാർച്ച് മാസം വരെയുള്ള കാലയളവിൽ 15,78,613 രൂപ ഗ്രാമ പഞ്ചായത്ത് വെള്ളക്കരക്കുടിശ്ശികയിനത്തിൽ ഒടുക്കിയിട്ടുണ്ടങ്കിലും ഇതിൽ 15,18,661 രൂപയും ഇക്കാലയളവിലെ പിഴപ്പലിശയിൽ വരവ് വെയ്ക്കുവനേ തികഞ്ഞിട്ടുള്ളൂ. 2013 ജനവരി മാസം ഉണ്ടായിരുന്ന കുടിശ്ശികയും നിലവിലുള്ള കുടിശ്ശികത്തുകയും തമ്മിൽ 59,952 രൂപയുടെ വ്യത്യാസം മാത്രമാണുള്ളത്. ( 23,25,284 - 22,65,332= 59,952) . അതായത് കുടിശ്ശിക തുകയിനത്തിൽ വകയിരുത്താൻ സാധിച്ചത്

59,952 രൂപ മാത്രമാണ്. ഓരോ മാസവും കുടിശ്ശികത്തുകയുടെ 2% പിഴ പലിശയിനത്തിൽ കണക്കാക്കുന്നതിനാൽ നിലവിൽ ഒരുവർഷം അഞ്ച് ലക്ഷത്തിൽപരം രൂപയുടെ അധിക ബാദ്ധ്യത ഈയിനത്തിൽ ഗ്രാമ പഞ്ചായത്ത് നേരിടേണ്ട സാഹചര്യമാണുള്ളത്. ഇക്കാര്യം പരിശോധിച്ച് കുടിശ്ശിക തീർപ്പാക്കുവാൻ വാട്ടർ അതോറിറ്റി അധികൃതർ മുന്നോട്ടുവെച്ച ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ കുടിശ്ശിക തീർപ്പാക്കുവാനോ, അല്ലെങ്കിൽ ഇക്കാര്യം സർക്കാരിന്റ ശ്രദ്ധയിൽപ്പെടുത്തി പിഴപ്പലിശ ഒഴിവാക്കി കുടിശ്ശികത്തുക ഘട്ടം ഘട്ടമായി ഒടുക്കുവാനുള്ള അനുമതി നേടുവാനോ ഉള്ള അടിയന്തിര ശ്രമങ്ങൾ ഭരണസമിതി തലത്തിൽ ആരംഭിക്കേണ്ടതാണ്.

കുടിശ്ശികത്തുക, പിഴപ്പലിശ എന്നിവ പ്രതിമാസം കണക്കാക്കിയ സ്റ്റേറ്റ്മെന്റുകൾ വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ഇത്തരത്തിലുള്ള കണക്ക് ഗ്രാമ പഞ്ചായത്ത് പ്രത്യേകം സൂക്ഷിച്ചിട്ടുണ്ടെങ്കിൽ ആയതും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-2 മറ്റ് സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച് വിനിയോഗിക്കുവാൻ അവശേഷിക്കുന്നതുക തിരികെ നൽകാതെ തനത് ഫണ്ടിൽ സൂക്ഷിക്കുന്നത് സംബന്ധിച്ച്.

ഗ്രാമ പഞ്ചായത്തിൽ സൂക്ഷിക്കുന്ന ബി .ഫണ്ട് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ കാസറഗോഡ് ജില്ലാ പഞ്ചായത്തിൽ നിന്നും സംയുക്ത പദ്ധതികൾക്കായി മുൻ വർഷങ്ങളിൽ ലഭിച്ച പതിനാറ് ലക്ഷം രൂപയിൽ 6.96 ലക്ഷം രൂപയും, 2011-12 വർഷം സുനാമി പുനരധിവാസ പദ്ധതി പ്രകാരം അങ്കണവാടി നിർമ്മിക്കുന്നതിന് സാമൂഹ്യ നീതി വകുപ്പിൽ നിന്നും ലഭിച്ച 1,37,020രൂപയിൽ 35,762രൂപ ഇനിയും വിനിയോഗിക്കുവാൻ അവശേഷിക്കുകയാണെന്ന് കാണുകയുണ്ടായി. 2011-12വർഷം കാസറഗോഡ് ജില്ലാ പഞ്ചായത്ത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വളാൽ എസ്.സി കോളനി കുടിവെള്ള പദ്ധതിയ്ക്കായി അനുവദിച്ച ആറുലക്ഷം രൂപ നാളിതുവരെ വിനിയോഗിച്ചിട്ടില്ല. അതു പോലെ കുടുംബശ്രീ വിപണനകേന്ദ്രം നിർമ്മാണത്തിനായി ലഭിച്ച പത്ത് ലക്ഷം രൂപയിൽ 96,430 രൂപയും ചെലവഴിക്കുവാൻ അവശേഷിക്കുകയാണ്. സംയുക്ത പദ്ധതികൾക്കായി ലഭിക്കുന്ന ഫണ്ടുകളുടെ വിനിയോഗം സംബന്ധിച്ച്, ജി.ഒ.(പി).നം.177/2006 fin തി.12-4-2006, ജി.ഒ.(Rt).നം.192/2010 Lsgd തി.19-10-2010, ജി.ഒ.(MS).നം.362/2013 Lsgd തി.16-11-2013, എന്നീ സർക്കാർ ഉത്തരവുകളിൽ സ്പഷ്ടമായി വിശദമാക്കിയിട്ടുണ്ട്. ഇതു പ്രകാരം പദ്ധതി നടപ്പിലാക്കാത്ത പക്ഷം മറ്റ് സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച വിഹിതം എത്രയും വേഗം ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് തിരികെ നൽകേണ്ടതാണ്. എന്നാൽ ഈ നിർദ്ദേശങ്ങൾ ഗ്രാമ പഞ്ചായത്തധികൃതർ പാലിച്ചിട്ടില്ല. ഇക്കാര്യം പരിശോധിച്ച് മറ്റ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച് വിനിയോഗിക്കാൻ സാധിക്കാത്ത മുഴുവൻ തുകയും കണക്കാക്കി (മേൽ പരാമർശിച്ചതുൾപ്പടെ ) ബന്ധപ്പെട്ട സ്ഥപനങ്ങളിലേയ്ക്ക് തിരികെ ഒടുക്കേണ്ടതാണ്.

## 3-3 മുൻകൂർ യാത്രാ ബത്ത കൈപ്പറ്റിയത് നാളിതുവരെ ക്രമീകരിച്ചിട്ടില്ല.

ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിലെ ജനപ്രതിനിധികളും, ഉദ്യോഗസ്ഥരും മുൻകൂർ യാത്രാ ബത്തയിനത്തിൽ 5,500 രൂപ കൈപ്പറ്റിയിട്ടുണ്ട്. കേരള ഫിനാൻഷ്യൽ കോഡ് വാല്യം ഒന്നിൽ ആർട്ടിക്കിൾ 53(e) യിലെ കുറിപ്പ് പ്രകാരം, മുൻകൂർ യാത്രാബത്തയിനത്തിൽ കൈപ്പറ്റിയ തുകകൾ മൂന്ന് മാസത്തിനുള്ളിൽ ക്രമീകരിച്ചിട്ടില്ലെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ തൊട്ടടുത്ത ശമ്പളബില്ലിൽ നിന്നും പ്രസ്തുത തുക ഈടാക്കേണ്ടതാണ്. എന്നാൽ നാളിതുവരെ ചുവടെ ചേർത്ത പ്രകാരം കൈപ്പറ്റിയ തുകകൾ ക്രമീകരിച്ചു കാണുന്നില്ല. ഇക്കാര്യം പരിശോധിച്ച് മുൻകൂർ യാത്രാ ബത്തയിനത്തിൽ കൈപ്പറ്റിയ തുകകൾ എത്രയും വേഗം ക്രമീകരിക്കുകയോ തിരികെ ഈടാക്കുകയോ ചെയ്ത് വിവരം വിവരം ഓഡിറ്റിനെ

ധരിപ്പിക്കേണ്ടതാണ്. മുൻചുർ യാത്രാ ബത്ത കൈപ്പറ്റിയവരുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ.നം | പേര് ,ഉദ്യോഗപ്പേര് | കൈപ്പറ്റിയ തുക | വൗച്ചർ നമ്പർ |
|---|---|---|---|
| 1 | സുബൈർ, വൈസ് പ്രസിഡന്റ് | 1,000 | 21500094/14-05-15 |
| 2 | കുഞ്ഞികൃഷ്ണൻ മാസ്റ്റർ ,പ്രസിഡന്റ് | 5,00 | 21500165/29-06-15 |
| 3 | ഷീല. പി.ജി, അക്കൗണ്ടന്റ് | 5,00 | 21500166/29-06-15 |
| 4 | കുഞ്ഞികൃഷ്ണൻ മാസ്റ്റർ, പ്രസിഡന്റ് | 1,000 | 21500255/06-08-15 |
| 5 | അനിൽ കുമാർ, സെക്രട്ടറി | 1,000 | 21500657/14-01-16 |
| 6 | അനിൽ കുമാർ, സെക്രട്ടറി | 1,000 | 21500682/29-01-16 |
| 7 | അഷറഫ് .എൻ.ബി, അസി.സെക്രട്ടറി | 5,00 | 21500751/20-02-16 |
| | ആകെ | 5,500 | |

## 3-4 ആധാർ കാർഡ് എടുത്ത ബി.പി.എൽ കുടുംബങ്ങൾക്കുള്ള പ്രതിഫലം - ചെലവഴിക്കുവാനവശേഷിക്കുന്നത് 1,800 രൂപ

ഗ്രാമ പഞ്ചായത്ത് പരിധിയിൽ ആധാർ എൻറോൾമെന്റ് നടത്തിയ ബി.പി.എൽ കുടുംബങ്ങൾക്ക് 150 രൂപ വീതം നൽകുന്ന കേന്ദ്ര സർക്കാർ പദ്ധതി പ്രകാരം 933 കുടുംബങ്ങൾക്ക് നൽകേണ്ട 1,39,950 രൂപ 2015 മാർച്ച് മാസം ഗ്രാമ പഞ്ചായത്തിന് ലഭിക്കുകയുണ്ടായി , ഈ തുക 2015 ഏപ്രിൽ, മെയ് മാസങ്ങളിൽ (₹85,000 Vr,No.21500046/20-04-15 & ₹54,950 Vr,No.21500089/08-05-15) ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനായി ബാങ്കിൽ നിന്നും പിൻവലിക്കുകയുണ്ടായി. എന്നാൽ തുക വിതരണ വിവരങ്ങൾ രേഖപ്പെടുത്തിയ അക്വിറ്റൻസ് രജിസ്റ്റർ പ്രകാരം 921 പേർക്ക് മാത്രമേ തുക വിതരണം ചെയ്തു കാണുന്നുള്ളൂ. അവശേഷിച്ച 12 പേർക്ക് നൽകേണ്ട 1,800 രൂപ ഇതുവരെയും നൽകിയിട്ടില്ല. ഇക്കാര്യം പരിശോധിച്ച് അവശേഷിച്ച തുക എത്രയും വേഗം തുക ലഭ്യമാക്കിയ കാസറഗോഡ് ജില്ലാ കലക്ടർക്ക് തരികെ നൽകേണ്ടതാണ്.

## 3-5 തെരുവ് വിളക്ക് ലൈൻ വിപുലീകരണം കെ.എസ്.ഇ.ബി.യ്ക്ക് തുക കൈമാറിയത് - വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2015-16 സാമ്പത്തിക വർഷം തെരുവ് വിളക്ക് ലൈൻ വിപുലീകരണ പദ്ധതിക്കായി കെ.എസ്.ഇ.ബി.യ്ക്ക് 4,15,802 ഗ്രാമ പഞ്ചായത്ത് സെക്രട്ടറി കൈമാറിയിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ പൂർത്തീകരണം സാധൂകരിക്കുന്ന ധന വിനിയോഗസാക്ഷ്യപത്രം നാളിതുവരെയായിട്ടും ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കുവാൻ അധികൃതർക്ക് സാധിച്ചിട്ടില്ല. ഇക്കാര്യം പരിശോധിച്ച് ചുവടെ ചേർത്ത പ്രകാരം ചെലവഴിച്ച് തുകയുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ.നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതിയുടെ വിശദാംശം | ബിൽ.നം / തിയതി/ | തുക | തുക നൽകിയതിന്റെ വിശദാംശം |
|---|---|---|---|---|---|
| 1 | സെക്രട്ടറി | വിവിധ സ്ഥലങ്ങളിൽ തെരുവ് വിളക്ക് വൈ ദ്യുത ലൈൻ നീട്ടൽ | 11/ 14-10-2015 & 13/29-12-15 | 4,15,802 | കെ.എസ്.ഇ.ബി.പടന്ന, പിലിക്കോട് , തൃക്കരിപ്പൂർ എന്നീ സെക്ഷനുകൾക്ക് |

| | | | | | |
|---|---|---|---|---|---|
| | | പ്രൊ.നം. 80/16 | | | |
| | | | ആകെ | 4,15,802 | |

## 3-6 പൊതുമരാമത്ത് മേഖലയിലെ ആസൂത്രണം ,നിർവ്വഹണം എന്നിവയിലെ പൊതുകാര്യക്ഷമത

ഗ്രാമ പഞ്ചായത്തിലെ എഞ്ചിനിയറിംഗ് വിഭാഗത്തിൽ ആകെ 4 ജീവനക്കാരാണുള്ളത്. തസ്തികയുടെ വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| അസിസ്റ്റന്റ് എഞ്ചിനിയർ | 1 |
| ഓവർസിയർ | 2 |
| ക്ലർക്ക് | 1 |

12 ച.കി.മീ.ഭ്രവിസ്തൃയും 21,662 ജനസംഖ്യയും 15 വാർഡുകളുമുള്ള പടന്ന ഗ്രാമ പഞ്ചായത്തിന് പ്രവർത്തനത്തിന് മതിയായ എഞ്ചിനിയറിംഗ് ജീവനക്കാർ ഉണ്ട്. ഓഡിറ്റ് വർഷം 1,45,84,567 രൂപ അടങ്കലിൽ 78 പ്രോജക്കുകൾ തയ്യാറാക്കി അംഗീകാരം വാങ്ങിയിരുന്നുവെങ്കിലും അതിൽ 69 പ്രവൃത്തികൾ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. ഇതിനായി 1,27,64,958 രൂപ ചെലവഴിച്ചിട്ടുണ്ട്. അംഗീകാരം ലഭിച്ച 9 പ്രോജക്കുകൾ നടപ്പിലാക്കാതിരുന്നതിനാൽ 18,19,609 രൂപ ചെലവഴിച്ചിട്ടില്ല. ആകെയുള്ള 78 പ്രോജക്കുകളിൽ 52 എണ്ണവും റോഡു പ്രവൃത്തികളാണ്. വാർഡ് തലത്തിൽ വിഭജിച്ച് ചെറിയ റീച്ചുകളായി റോഡ് പ്രവൃത്തികൾ ചെയ്തതിനാലാണ് മരാമത്ത് പ്രവൃത്തികളുടെ എണ്ണം വർദ്ധിച്ചിട്ടുള്ളത്. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ മാർഗ്ഗരേഖയിലെ ( ജി.ഒ.(പി)നം.362/2013 /ത.സ്വ.ഭ.വ തീയ്യതി.16-11-2013 ) പൊതുസമീപനം പറയുന്നത് വാർഡ്/ഡിവിഷൻ അടിസ്ഥാനത്തിൽ ഫണ്ട് വീതം വെക്കുന്നത് വിഭവ വിന്ന്യാസത്തിന്റെ ഫലപ്രാപ്തിയെ സാരമായി ബാധിക്കുമെന്നും ആയതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തെ മൊത്തത്തിൽ ഒരു യൂനിറ്റായിക്കണ്ട് സമസ്തമേഖലകളിലേയും ജനങ്ങളുടെ ആവശ്യങ്ങൾ കണക്കിലെടുത്ത് സമഗ്ര പദ്ധതികളാണ് തയ്യാറാക്കേണ്ടത് എന്നാണ്. ഈ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായാണ് റോഡ് പ്രവൃത്തികൾക്ക് പ്രോജക്കുകൾ തയ്യാറാക്കിയത്. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്ന ( അനുബന്ധം-1 ഖണ്ഡിക 15 ) മാർഗ്ഗനിർദ്ദേശവും നടപ്പിലാക്കിയിട്ടില്ല.

## 3-7 പി എച്ച് സിക്ക് മരുന്നു വാങ്ങൽ - മുഴുവൻ മരുന്നും ലഭ്യമാക്കിയിട്ടില്ല.

താഴെക്കൊടുത്തിരിക്കുന്ന പദ്ധതികൾ പ്രകാരം പി. എച്ച്. സി. ക്ക് മരുന്നു ലഭ്യമാക്കുന്നതിന് മുൻകൂറായി തുകകൾ കൈമാറിയെങ്കിലും മരുന്നുകൾ മുഴുവൻ ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

I. പ്രൊജക്ട് നം- 11/2016. സാന്ത്വന ചികിൽസ

വകയിരുത്തൽ - വികസന ഫണ്ട് (സാധാ) 4,50,000/-

ജില്ലാ പഞ്ചായത്ത് ഫണ്ട്- 1,00,000/-

ട്രഷറി ബിൽ നം. - 13/2015-16 തീ. 28.01.2016 ₹ 97,800 രൂപ

നിർവ്വഹണോദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ , പി. എച്ച് .സി.

സാന്ത്വന ചികിൽസ പദ്ധതിയുടെ ഭാഗമായി രോഗികൾക്ക് മരുന്ന ലഭ്യമാക്കുന്നതിനായി KMSCL പ്രോഫോർമാ ഇൻവോയിസ് ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ (PRF1771 തീ.16.01.2016) ₹ 97,800രൂപ കാരുണ്യ മെഡിക്കൽസിന് നൽകിയിട്ടുണ്ട്. (ഡി.ഡി.നം.633678തീ.29.01.2016).എന്നാൽ₹61,569രൂപയുടെമരുന്നുകൾ മാത്രമേലഭ്യമാക്കിയിട്ടുള്ളൂ. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ നം. & തീയ്യതി | ലഭിച്ച മരുന്നിന്റെ മൂല്യം |
|---|---|
| ഇൻവോയിസ് നം. 4411 തീ. 16.02.2016 | ₹ 12,670/- |
| ഇൻവോയിസ് നം. 2574തീ. 16.08.2016 | ₹ 29,748/- |
| ഇൻവോയിസ് നം. 2941തീ. 09.09.2016 | ₹ 19,151/- |
| ആകെ | ₹ 61,569 |

ലഭ്യമാക്കാൻ അവശേഷിക്കുന്ന 36,231/- (97,800-61,569) രൂപയുടെ മരുന്നുകൾ എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും സ്റ്റോക്ക് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

II. പ്രൊജക്റ്റ് നം- 132/2016 പി .എച്ച്. സി .യിലേക്ക് മരുന്ന വാങ്ങൽ

വകയിരുത്തൽ - മെയിന്റനൻസ് ഫണ്ട് (റോഡിതരം) 2,00,000/-

ട്രഷറി ബിൽ നം. - 17/2015-16 തീ.11.03.2016 ₹ 2,00,000 രൂപ

നിർവ്വഹണോദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ , പി .എച്ച് .സി

പി. എച്ച്. സി. യിലേക്ക് മരുന്ന ലഭ്യമാക്കുന്നതിനായി KMSCL പ്രോഫോർമാ ഇൻവോയിസ് ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ (PRF2896 തീ.24.02.2016) ₹ 2,00,000രൂപ KMSCLനു നൽകിയിട്ടുണ്ട്(ഡി.ഡി.നം.634786 തീ.15.03.2016). എന്നാൽ ₹ 8,056/- രൂപയുടെ മരുന്നുകൾ മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ നം. & തീയ്യതി | ലഭിച്ച മരുന്നിന്റെ മൂല്യം | ലഭ്യമാക്കാൻ അവശേഷിക്കുന്ന മരുന്നിന്റെ മൂല്യം |
|---|---|---|
| ഇൻവോയിസ് നം. 563 തീ.27.04.2016 | ₹ 8,056/- | 1,91,944/- |

ലഭ്യമാക്കാൻ അവശേഷിക്കുന്ന 1,91,944/-രൂപയുടെ മരുന്നുകൾ എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും സ്റ്റോക്ക് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

III. പാലിയേറ്റീവ് പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനായി എല്ലാ മാസവും നടത്തി വരുന്ന അവലോകന യോഗത്തിൽ പങ്കെടുക്കുന്നവരുടെ എണ്ണത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടെങ്കിലും എല്ലായ്പ്പോഴും നിശ്ചിത തുകയാണ് ലഘു ഭക്ഷണമിനത്തിൽ(750രൂപ) ചെലവഴിക്കുന്നതായി കാണുന്നത്. 12 പേർ മാത്രം പങ്കെടുത്ത യോഗത്തിൽ പോലും ലഘു ഭക്ഷണമിനത്തിൽ മേൽ തുക ചെലവഴിക്കുന്നത് ആശ്വാസകരമല്ല.

രോഗികളെ പരിചരിക്കുന്നതിനായി ഗൃഹ സന്ദർശനം നടത്തുന്നവർക്ക് ഭക്ഷണയിനത്തിൽ ചെലവഴിക്കുന്ന തുകയും മേൽ പരാമർശിച്ച പ്രകാരം നിയന്ത്രണം വരുത്തേണ്ടതാണ്. ഇക്കാര്യത്തിൽ നിലവിലുള്ള സർക്കാർ ഉത്തരവുകളും നിർദേശങ്ങളും പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ് (സ.ഉ.(സാധാ)നം.3217/2015/ തസ്വഭവ തീ.29.10.2015).

## 3-8 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - അവലോകനം

2005 ൽ ഇന്ത്യൻ പാർലമെന്റ് പാസാക്കിയ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ പടന്ന ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിവരുന്നുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് രജിസ്ട്രേഷൻ, തൊഴിൽ കാർഡ് വിതരണം, തൊഴിലിനുള്ള അപേക്ഷ സ്വീകരിക്കൽ, തൊഴിൽനല്കൽ, വേതന വിതരണം മുതലായ പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. 2015-16 വർഷത്തിൽ പടന്ന ഗ്രാമപഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് സംബന്ധിച്ച സ്ഥിതി വിവരം ചുവടെ കൊടുക്കുന്നു.

1.വരവ് ചെലവ് കണക്കുകൾ

| വർഷം | മുന്നിരിപ്പ് | വരവ് + പലിശ | ആകെ വരവ് | ചെലവ് | നീക്കിയിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| 2015-16 | 44,074 | 2,67,51,135 + 1413 | 2,67,96,622 | 2,67,96,134 | 488 | 99.99 |

2. ഭരണ ചെലവ്

2005-ലെ കേന്ദ്ര തൊഴിലുറപ്പ് നിയമത്തിന്റെ 22(1)(സി) വകുപ്പ് പ്രകാരവും കേന്ദ്ര ഗ്രാമവികസന മന്ത്രാലയം 18.03.2009 ന് പുറപ്പെടുവിച്ച സർക്കുലർ നമ്പർ J-11011/18/07,MGNREGS പ്രകാരവും ഭരണപരമായ ചെലവ് മൊത്തം ചെലവിന്റെ 6% ആയി നിജപ്പെടുത്തിയിട്ടുണ്ട്.പ്രസ്തുത ചെലവ് പരിധി പാലിച്ചിട്ടുണ്ട്.

3.വാർഷിക പദ്ധതി /ലേബർ ബഡ്ജറ്റ്

| വർഷം | ലേബർ ബഡ്ജറ്റ് / വാർഷിക പദ്ധതി പ്രകാരം നിർദ്ദേശിച്ചപദ്ധതികൾ | നടപ്പാക്കിയ പ്രവൃത്തികളുടെ എണ്ണം | % |
|---|---|---|---|
| 2015-16 | 304 | 166 | 54.6 |

2015-16 വർഷത്തിൽ ലേബർ ബഡ്ജറ്റ് / വാർഷിക പദ്ധതി പ്രകാരം നിർദ്ദേശിച്ച 304 പദ്ധതികളിൽ 166 പദ്ധതികൾ മാത്രമാണ് നടപ്പിലാക്കിയത് . കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തിയ 138 പ്രവൃത്തികൾ ഏറ്റെടുത്തിട്ടില്ല.

4.തൊഴിലുറപ്പ് പദ്ധതി ജനപങ്കാളിത്തം സംബന്ധിച്ച വിവരങ്ങൾ

| ഇനം | 2015-16 |
|---|---|
| ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെഎണ്ണം | 3200 |
| തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങൾ | 1848 |
| തൊഴിൽ ലഭിച്ച കുടുംബങ്ങൾ | 1848 |

| | |
|---|---|
| തൊഴിൽ ആവശ്യപ്പെട്ടശേഷം തൊഴിൽ ലഭിച്ചവരുടെ ശതമാനം | 100 |
| സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | 1,10,455 തൊഴിൽ ദിനങ്ങൾ |
| 100 തൊഴിൽ ദിനങ്ങൾ ആവശ്യപ്പെട്ട കുടുംബങ്ങൾ | 748 |
| 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങൾ | 624 |

2015-16 വർഷത്തിൽ തൊഴിൽ ആവശ്യപ്പെട്ട മുഴവൻ കുടുംബങ്ങൾക്കും തൊഴിൽ ലഭ്യമാക്കാൻ പഞ്ചായത്തിന് സാധിച്ചിട്ടില്ല. ആകെ രജിസ്റ്റർ ചെയ്ത 3,200 കുടുംബങ്ങളിൽ തൊഴിൽ ആവശ്യപ്പെട്ട 1,848കുടുംബങ്ങളിൽ 624കുടുംബങ്ങൾക്ക് മാത്രമേ 100 ദിനം തൊഴിൽ നല്കാൻ പഞ്ചായത്തിന് സാധിച്ചിട്ടുള്ളൂ. പരമാവധി കുടുംബങ്ങൾക്ക് നൂറുദിന തൊഴിൽ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

6. പഞ്ചായത്തിൽ ദാരിദ്ര്യരേഖക്ക് താഴെയുള്ള 1,926 കുടുംബങ്ങളെയും തൊഴിലുറപ്പ് പദ്ധതിയിൽ അംഗങ്ങളാക്കിയിട്ടുണ്ട്.

7. ത.സ്വ.ഭ.വകുപ്പിന്റെ 16-05-2007 ലെ 23283/ഡിസി 2/2007 നമ്പർ സർക്കുലർ പ്രകാരം ഗ്രാമ പഞ്ചായത്ത് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് പ്രത്യേക പൗരാവകാശ രേഖ പ്രസിദ്ധീകരിക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ആയത് നടപ്പാക്കിയിട്ടില്ല.

8. സർക്കുലർ നമ്പർ 71990/ഡിഡി 2/11/ ത.സ്വ.ഭ.വ,തീയ്യതി 26-03-2012 പ്രകാരം അർഹരായ മുഴവൻ എസ്. സി/ എസ്. ടി .കുടുംബങ്ങളെയും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ അംഗങ്ങളാക്കണം. ഗ്രാമ പഞ്ചായത്തിൽ എല്ലാ എസ്.സി. കുടുംബങ്ങളെയും തൊഴിലുറപ്പ് പദ്ധതിയിൽ അംഗങ്ങളാക്കാൻ പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്.

9. വരവ് ചെലവ് കണക്കുകൾ പ്രസിദ്ധികരിച്ചിട്ടില്ല.

സ.ഉ.നംബർ/ 12329/ഡി.ഡി.2/2012/ ത.സ്വ.ഭ.വ തീയതി 09-04-2012 ഉത്തരവിൽ നിർദ്ദേശിച്ച വിധം ഗ്രാമപഞ്ചായത്തുകൾ തൊഴിലുറപ്പ് പദ്ധതിയുടെ വരവ്-ചെലവ് കണക്കുകൾ വർഷത്തിൽ രണ്ടു തവണ പൊതുജനങ്ങളുടെ അറിവിലേക്കായി പ്രസിദ്ധീകരിക്കേണ്ടതാണ്. ആയത് പ്രസിദ്ധികരിച്ചിട്ടില്ല.

10.വി.ഇ.ഒ. വർക്ക് സൈറ്റ് സന്ദർശിക്കുന്നില്ല.

03.02.2008 ലെ 27809/MGNREGS CELL/2007/CRD നമ്പർ സർക്കുലർ പ്രകാരം വി.ഇ.ഒ 100% സൈറ്റും നിർബന്ധമായും സന്ദർശിക്കണമെന്നിരിക്കെ, ആയത് പാലിക്കുന്നില്ല എന്ന് ഫയൽ പരിശോധനയിൽ കണ്ടു. സർക്കുലർ നിർദ്ദേശം പാലിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീക രിക്കേണ്ടതാണ്.

## 3-9 വ്യക്തിഗത കക്കൂസ് നിർമ്മാണം - ധനസഹായം നൽകൽ - അപാകതകൾ

നിർവ്വഹണം : വി. ഇ. ഒ.

പ്രോജക്റ്റ് : SO.132/15, കക്കൂസ് നിർമ്മാണത്തിന് ധനസഹായം.

അടങ്കൽ : 18,36,000/- ശുചിത്വ മിഷൻ ഫണ്ട്

ചെലവ് : 7,68,000/- ചെക്ക് നം. 117028/18.09.2015

സ.ഉ.(സാധാ) നം.3507/2014/തസ്വഭവ, തീയതി 31.12.14 ഉത്തരവ് പ്രകാരം സ്വച്ഛഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതിയുടെ ഭാഗമായി ജലസംഭരണസംവിധാനത്തോടു കൂടി നിർമ്മിക്കുന്ന ഗാർഹിക കക്കൂസുകളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് പ്രൊജക്ട് നിർവഹണം നടത്തുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. ഇതനുസരിച്ച് പടന്ന ഗ്രാമ പഞ്ചായത്തിലെ മുഴുവൻ ജനങ്ങളുടെയും പൂർണ്ണാരോഗ്യം ഉറപ്പുവരുത്തുന്നതിനായി നിലവിൽ കക്കൂസ് ഇല്ലാത്ത കുടുംബങ്ങൾക്ക് ധനസഹായം നല്കുവാൻ വേണ്ടി ഒരു കക്കൂസിന് ശുചിത്വമിഷൻഫണ്ട് വിഹിതം 12,000രൂപ യൂണിറ്റ് കോസ്റ്റ് കണക്കാക്കി പ്രൊജക്ട് തയ്യാറാക്കുകയും, ആയതിനു 153 ഗുണഭോക്താക്കൾക്ക് 12,000രൂപ വീതം ധനസഹായം അനുവദിക്കുന്നതിന് വേണ്ടി 18,36,000 രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടി ഈ പ്രവർത്തിയുടെ നിർവ്വഹണോദ്യോഗസ്ഥനായ വി. ഇ. ഒ.-യ്ക്ക് ചെക്ക് നം. 117028/18.09.2015 പ്രകാരം 7,68,000/ രൂപ നല്കിയിരുന്നു. 64 ഗുണഭോക്താക്കൾക്ക് വേണ്ടിയാണ് തുക അനുവദിച്ചത്. എന്നാൽ വി.ഇ.ഒ യുടെ ചെലവ് രേഖകളുടെ പരിശോധനയിൽ നിർവ്വഹണോദ്യോഗസ്ഥൻ പരിപാലിക്കേണ്ട ക്യാഷ്ബുക്കിൽ 7,68,000/ രൂപയുടെ ചെലവ് രേഖപ്പെടുത്തിയിട്ടില്ല. ചില ഗുണഭോക്താക്കളുടെ അപേക്ഷമാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്. പഞ്ചായത്ത് ഭരണസമിതിയുടെ 27.06.2016-ലെ 155/2015 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് പ്രകാരമാണ് പദ്ധതി നടപ്പിലാക്കേണ്ടിയിരുന്നത്. പൂർണ്ണമായ ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ "കക്കൂസ് നിർമ്മാണത്തിന് ധനസഹായം" എന്ന ഈ പ്രൊജക്ട് പ്രകാരമുള്ള ധനസഹായം പൂർണ്ണമായി യഥാർത്ഥ ഗുണഭോക്താവിന് തന്നെ അനുവദിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. ആയതിനാൽ ഈ പ്രവർത്തിക്കു വേണ്ടി നല്കിയ 7,68,000/ രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-10 ജവഹർലാൽ നെഹ്റു ഭവന പദ്ധതി- പ്രോജക്ടിനു വിരുദ്ധമായി വികസന ഫണ്ടിൽ നിന്നും കൂടുതൽ തുക പിൻവലിച്ചു

പ്രോജക്ടിന്റെ പേര് : ജവഹർലാൽ നെഹ്റു ഭവന പദ്ധതി

പ്രോജക്ട് നം : 107/2016

നിർവ്വഹണോദ്യോഗസ്ഥൻ : വി.ഇ.ഒ

| | വികസന ഫണ്ട് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | തനത് ഫണ്ട് | ആകെ |
|---|---|---|---|---|
| അടങ്കൽ | 5,44,822 | 10,56,521 | 11,98,657 | 28,00,000 |
| ചെലവ് | 6,38,422 | 9,62,921 | --- | 16,01,343(പദ്ധതി പൂർത്തിയായിട്ടില്ല) |

2015-16 വർഷത്തെ ചെലവ് വിവരം

| | | |
|---|---|---|
| ബിൽ നം.1/18.01.2016 | 2,00,000 രൂപ | വികസന ഫണ്ട് |
| ബിൽ നം.1/18.01.2016 | 3,40,000രൂപ | വികസന ഫണ്ട് |
| ബിൽ നം.1/18.01.2016 | 98,422രൂപ | വികസന ഫണ്ട് |
| ബിൽ നം.1/18.01.2016 | 2,21,578രൂപ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ബിൽ നം.1/18.01.2016 | 1,80,000രൂപ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ബിൽ നം.1/18.01.2016 | 3,60,000രൂപ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |

| | | |
|---|---|---|
| ബിൽ നം.1/18.01.2016 | 2,01,343രൂപ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |

14 ഗുണഭോക്താക്കൾക്ക് വാസയോഗ്യമായ ഭവനം നൽകുന്നതിനാണ് മേൽ പ്രോജക്ട് വിഭാവനം ചെയ്തത്. പ്രോജക്ട് നടപ്പിലാക്കുന്നതിനായി അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് വി.ഇ.ഒ യ്ക്ക് സെക്രട്ടറി നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ പദ്ധതി നടപ്പിലാക്കിയപ്പോൾ 13 ഗുണഭോക്താക്കൾക്ക് മാത്രമാണ് ആനുകൂല്യം നല്കിയിട്ടുള്ളത്. ഒരു ഗുണഭോക്താവിന് ആനുകൂല്യം നൽകാതിരുന്നതിനുള്ള കാരണം വ്യക്തമല്ല. മേൽ പ്രോജക്ട് 2015-16 വർഷം പൂർത്തിയാക്കിയിട്ടില്ല. വികസന ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, തനത് ഫണ്ട് എന്നിവ ഉൾപ്പെടുത്തിയാണ് പ്രോജക്ട് തയ്യാറാക്കിയത്. എന്നാൽ പ്രോജക്ട് നടപ്പിലാക്കിയപ്പോൾ തനതുഫണ്ടിൽ നിന്നും തുക ചെലവഴിക്കാതെ വികസന ഫണ്ടിൽ നിന്നും കൂടുതൽ തുക ചെലവഴിച്ചതായി കാണുന്നു. ഭവനനിർമ്മാണമാരംഭിച്ച 13 ഗുണഭോക്താക്കൾക്കുവേണ്ടി 14 പേർക്കായി വകയിരുത്തിയിരുന്ന വികസനഫണ്ട് തുക ചെലവഴിച്ചതുമൂലം വികസനഫണ്ടിൽ നിന്നും 93,600 രൂപ(6,38,422-5,44,822)യുടെ അധികച്ചെലവുണ്ടായിട്ടുണ്ട്. നിലവിൽ പ്രസ്തുത പദ്ധതി പ്രകാരമുള്ള തുടർ ഗഡുക്കൾ നൽകേണ്ടതുള്ളതിനാൽ 2016-17 വർഷത്തെ വാർഷിക പദ്ധതിയിൽ സ്പിൽ ഓവറായി പദ്ധതി തുടരേണ്ടതുണ്ട്. ഇക്കാര്യം പരിശോധിച്ച് 2016-17 വാർഷിക പദ്ധതിയിൽ പദ്ധതിയ്ക്കായി തുക വകയിരുത്തുമ്പോൾ 2015-16 വർഷം വികസനഫണ്ടിൽ നിന്നും നടത്തിയ അധികച്ചെലവിനാനുപാതികമായ തുക തനതുഫണ്ടിൽ നിന്നും വകയിരുത്തി ചെലവ് ചെയ്യേണ്ടതാണ്. ഇതുപ്രകാരമുള്ള ക്രമീകരണങ്ങൾ വരുത്തി മറുപടി ലഭ്യമാക്കുന്നതുവരെ മേൽ പരാമർശിച്ചപ്രകാരം പ്രൊജക്ടിൽ നിന്നും വ്യതിചലിച്ച് നടത്തിയ 93,600 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കാസറഗോഡ് ജില്ലാ പഞ്ചായത്ത് | 2015-16 | 6,00,000 | വികലാംഗ സൗഹൃദ ഭവനം | 40,000 | 5,60,000 |
| കാസറഗോഡ് ജില്ല പഞ്ചായത്ത് | 2015-16 | 1,75,000 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 1,75,000 | - |

വിവിധപദ്ധതികൾക്കായി മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും മറ്റ് സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച് ചെലവഴിക്കുവാനവശേഷിക്കുന്ന തുക വിനിയോഗിക്കുവാൻ സാധിക്കാത്ത പക്ഷം ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് തിരികെ നൽകേണ്ടതാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രൊജക്ടിന്റെ പേര് | വൗച്ചർ നം /ബിൽ .നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കുവാൻ അവശേഷി ക്കുന്ന തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. -സെക്ഷൻ പടന്ന , പിലിക്കോട് തൃക്കരിപ്പൂർ | പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ ലൈൻ വലിച്ച് തെരുവ് വിളക്ക് സ്ഥാപിക്കൽ | 11/14-10-15 | 1,78,298 | - | 1,78,298 |
| | | 13/14-10-15 | 2,37,504 | - | 2,37,504 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്.

ഇല്ല.

## 4-4 വായ്പ /വിനിയോഗം/ തിരിച്ചടവ് എന്നിവയുടെ വിശദാംശം

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | ജി.ഒ (Rt).നം. 453/10തസ്വഭവ . തി.9-2-10 | 38,37,250 | 7,83,350 | 4,55,000 | - | 3,28,350 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് | ഖണ്ഡിക | സമാഹൃത | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ |
|---|---|---|---|---|---|

| വർഷം | | റിപ്പോർട്ട് വർഷം | | | അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 3-14-2.2 | 2003-04 | 32 | മറ്റ് പരാമർശങ്ങൾ (പവർടില്ലർ വാങ്ങി യത് ) ₹1,86,562 | തീർപ്പാക്കിയിട്ടില്ല |
| 2006-07 | 2.14 | 2010-11 | 3-11 | ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല ₹1,75,413 | തീർപ്പാക്കിയിട്ടില്ല |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 3,55,72,469 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 3,96,79,769 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹650/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 8,61,600 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2(4) | ₹650/- | - | അനിൽ കുമാർ എൻ.എം, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3(9) | 7,68,000 | ജിജേഷ് ശശീന്ദ്രൻ (വി.ഇ.ഒ) |
| 3(10) | 93,600 | ജിജേഷ് ശശീന്ദ്രൻ (വി.ഇ.ഒ) |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| അനിൽ കുമാർ എൻ.എം, സെക്രട്ടറി | അനിൽ കുമാർ എൻ.എം, സെക്രട്ടറി, പടന്ന ഗ്രാമ പഞ്ചായത്ത് | നാരായണ മംഗലം, കരണത്തട്ട് .പി.ഒ, രാമന്തളി, കണ്ണൂർ ജില്ല |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1974-75 | എൽ.എഫ്.കെ.എസ്.ഡി.2/366/96 തീ 1.7.1996 | 20 |
| 1975-76 | എൽ.എഫ്.കെ.എസ്.ഡി.2/366/96 തീ 1.7.1996 | 15 |
| 1976-77 | എൽ.എഫ്.കെ.എസ്.ഡി.2/366/96 തീ 1.7.1996 | 11 |
| 1977-78 | എൽ.എഫ്.കെ.എസ്.ഡി.2/366/96 തീ 1.7.1996 | 68 |
| 1982-83 | എൽ.എഫ്.കെ.എസ്.ഡി.2/366/96 തീ 1.7.1996 | 10 |
| 1987-88, 1988-89 | കെ.എസ്.എ.കെ.എസ്.ഡി.9/48/16(1) തീ19.03.16 | - |
| 1995-96 | കെ.എസ്.എ.കെ.എസ്.ഡി.3/480/06 തീ 09-3-07 | 5 |
| 1996-97 | കെ.എസ്.എ.കെ.എസ്.ഡി.9/48/16(2) തീ19.03.16 | 5 |
| 1997-98 | കെ.എസ്.എ.കെ.എസ്.ഡി.9/48/16(3) തീ19.03.16 | 2 |
| 1998-99 | എൽ.എഫ്.കെ.എസ്.ഡി.5/48/00 തീ 25.7.2000 | 5 |
| 1999-00 | കെ.എസ്.എ.കെ.എസ്.ഡി.9/48/16(4) തീ19.03.16 | 8 |
| 2000-01 | കെ.എസ്.എ.കെ.എസ്.ഡി.9/48/16(5) തീ19.03.16 | 4 |
| 2001-02(p) | കെ.എസ്.എ.കെ.എസ്.ഡി.9/48/16(6) തീ19.03.16 | 3 |

| | | |
|---|---|---|
| 2002-03 | കെ.എസ്എ.കെ.എസ്.ഡി.9/48/16(7) തീ19.03.16 | 3 |
| 2001-02 | കെ.എസ്എ.കെ.എസ്.ഡി.9/48/16(6) തീ19.03.16 | 2 |
| 2003-04 | കെ.എസ്എ.കെ.എസ്.ഡി.9/48/16(8) തീ19.03.16 | 3 |
| 2004-05 | കെ.എസ്എ.കെ.എസ്.ഡി.9/48/16(9) തീ19.03.16 | 3 |
| 2005-06 | കെ.എസ്എ.കെ.എസ്.ഡി.9/48/16(10)തീ19.03.16 | 2 |
| 2006-07 | എൽ.എഫ്.കെ.എസ്.ഡി.3/454/09 തീ 6.4.2010 | 13 |
| 2007-08 | എൽ.എഫ്.കെ.എസ്.ഡി.3/455/09 തീ 7.4.2010 | 13 |
| 2008-09 | എൽ.എഫ്.കെ.എസ്.ഡി.3/866/12 തീ 3.4.2013 | 12 |
| 2009-10 | എൽ.എഫ്.കെ.എസ്.ഡി.3/867/12 തീ 2.4.2013 | 7 |
| 2010-11 | എൽ.എഫ്.കെ.എസ്.ഡി.3/868/12 തീ 3.4.2013 | 11 |
| 2011-12, 2012-13 | എൽ.എഫ്.കെ.എസ്.ഡി.8/580/15 തീ 9.7.2015 | 11 |
| 2013-14 | കെ.എസ്.എ.കെ.എസ്.ഡി 9/103 /15 തീ. 10.12.15 | 15 |
| 2014-15 | കെ.എസ്.എ.കെ.എസ്.ഡി 9/770/2016 തീ. 23.07.2016 | 26 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്

ഡെപ്യൂട്ടി ഡയറക്ടർ

സംസ്ഥാന ഓഡിറ്റ് വകുപ്പ്

കാസറഗോഡ്

## അനുബന്ധം -1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-കെ.എസ്.ഡി. 9/1271/2016

ജില്ലാ

ഓഡിറ്റ് കാര്യാലയം

കേരള

സംസ്ഥാന ഓഡിറ്റ് വകുപ്പ

കാസറഗോഡ്

E-mail:-

doksd.ksad@kerala.gov.in

തീയതി. 23.12.2016

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കാസറഗോഡ് ജില്ലയിലെ പടന്ന ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ പടന്ന ഗ്രാമ പഞ്ചായത്തിന്റെ 2015-16-ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി

ഡയറക്ടർ

കേരള സംസ്ഥാന

ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ്

കാര്യാലയം കാസറഗോഡ്

No. KSA-KSD.9/1271/2016

Kerala State Audit Department

District Audit Office,Kasaragod

– 671123
E-mail:- doksd.ksad@kerala.gov.in
Dated:23.12.2016

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Padne Grama Panchayat in Kasaragod District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Padne Grama Panchayat for the year 2015-16, except the observations in my Audit Report, properly presents the picture of income and expenditure.

Deputy Director

Kerala State Audit Department

District Audit Office, Kasaragod